<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867**</u> <u>**31-01-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് കോളനിയും ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് പട്ടികജാതി കോളനിയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2022-23 വർഷത്തിൽ 60 കോളനികളെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളൂ എന്നതിനാൽ ടി കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. 2023-24 വർഷത്തെ പട്ടികയിൽ കല്ലുവാതുക്കൽ പാറയിൽ കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| കോളനി | വർഷം | പുരോഗതി |
|---|---|---|
| ഇടക്കുന്ന് കോളനി | 2021-22 | 27-വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ളതിൽ 22- എണ്ണം പൂർത്തീകരിച്ചു. ബാക്കി 5 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.<br><br>9 വീടുകൾക്ക് വാട്ടർ കണക്ഷൻ ജലജീവൻ മിഷൻ വഴി കിട്ടിയിട്ടുണ്ട്.<br><br>ഫൂട്ട് പാത്ത്, സോളാർ ലൈറ്റ്, പൊതു കിണർ നവീകരണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയവ ഉടൻ ആരംഭിക്കുന്നതാണ്. |
| ഇടയാടി മുക്കം കോളനി | 2021-22 | 28-വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ളതിൽ 4 വീടുകൾ പൂർത്തീകരിച്ചു. ബാക്കി 24 വീടുകളിൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |